# ന്യൂനപക്ഷ ക്ഷേമ വകുപ്പ്

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണഭാഷ-മാതൃഭാഷ

നം.MWD/584/2024-IRO തീയതി.01-06-2024

## പ്രസിദ്ധീകരണത്തിന്

**ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിൽ യുവതീ/ യുവാക്കൾക്ക സിവിൽ സർവീസ്, യൂ.പി.എസ്.സി, പി.എസ്.സി, ബാങ്കിങ്, എന്നീ മത്സര പരീക്ഷകൾക്കായുള്ള സൗജന്യ പരിശീലനം**

കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യൻ, മുസ്ലീം, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽപ്പെടുന്ന യുവതീ /യുവാക്കൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്തുടനീളം നടത്തുന്ന 24 യുവജന പരിശീല കേന്ദ്രങ്ങളിലായി (Coaching Centre for Minority Youth) പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് തുടങ്ങി മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകുന്നു. തിങ്കൾ മുതൽ വെള്ളി വരെ 5 ദിവസങ്ങളിലായി 6 മാസം ദൈർഘ്യമുള്ള റഗുലർ ബാച്ചുകളും, ശനി, ഞായർ എന്നീ ദിവസങ്ങളിൽ ഹോളിഡേ ബാച്ചും നടത്തുന്നു. 2024 ലെ ജൂലൈ ബാച്ചിലേക്ക് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. പ്ലസ്ടു, ഡിഗ്രി കോഴ്സ് പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കാനുള്ള ഫോം ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റായ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ജില്ലകളിലെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 20.06.2024. കൂടുതൽ വിവരങ്ങൾക്ക് യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാരെ ബന്ധപ്പെടാവുന്നതാണ്. പരിശീലന കേന്ദ്രങ്ങളുടെ വിലാസം, ഫോൺ നം. എന്നിവ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
ന്യൂനപക്ഷ ക്ഷേമ വകുപ്പദ്ധ്യക്ഷന്റെ കാര്യാലയം
നാലാം നില, വികാസ് ഭവൻ
തിരുവനന്തപുരം,
ഫോൺ: 0471-2300523
ഇമെയിൽ: director.mwd@gmail.com

വിശ്വസ്തതയോടെ

അബ്ദുൾ നാസർ ബി ഐഎസ്
ഡയറക്ടർ

അംഗീകാരത്തോടെ

**Signed by Reghuvaran S**
**Date: 03-06-2024 10:27:08**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ



Generated from eOffice by SANEESH KUMAR M K, IRO DMW, IRO DMW, DMW on 06/06/2024 10:51 AM